# NAIR SERVICE SOCIETY


HEAD OFFICE : PERUNNAI
CHANGANACHERRY, KERALA - 686 102

EPABX Nos. : 0481 - 2422008, 2420604
2420657, 2420780
2420941, 2401577

Website : www.nss.org.in
Email : nssgs@yahoo.com, nssgnl@gmail.com
Fax No. : 0481 2401588


No. : ..........................  Date : 31.8.2020



## ഓണാശംസകൾ

ഓരോ ഓണവും മലയാളികൾക്ക് ഉണർവ്വും സന്തോഷവും പരസ്പരസൗഹൃദവും പകരുന്നതാണ്. എന്നാൽ, സാഹചര്യങ്ങളുടെ സമ്മർദ്ദംകൊണ്ട് ഇത്തവണത്തെ ഓണം ആഘോഷങ്ങൾ മാറ്റിവച്ച് ആശംസകളിൽ ഒതുങ്ങേണ്ടിവന്നിരിക്കുകയാണ്. എങ്കിലും ഇന്ന് നേരിടുന്ന പ്രതികൂലസാഹചര്യങ്ങളെ അതിജീവിക്കാനുള്ള പരിശ്രമത്തിലൂടെ നമുക്ക് മുന്നേറാം. നമ്മുടെ നാടിനും നാട്ടാർക്കും നന്മ വരണമേയെന്നു പ്രാർത്ഥിച്ചുകൊണ്ടും എല്ലാവർക്കും ഹൃദയം നിറഞ്ഞ ഓണാശംസകൾ നേർന്നുകൊണ്ടും ഈ ഓണത്തെ നമുക്ക് വരവേല്ക്കാം.

കോവിഡ് കാലയളവിലെ നമ്മുടെ സംഘടനാപ്രവർത്തനം കോവിഡ് നിബന്ധനകൾക്കു വിധേയമായിമാത്രം തുടർന്നുവരികയാണ്. സംഘടനയുമായി ബന്ധപ്പെട്ട് എല്ലാ തലങ്ങളിലുമുള്ള ഒത്തുകൂടൽ ഒഴിവാക്കി, പരസ്പരം ആശയവിനിമയം നടത്തിക്കൊണ്ട്, കോവിഡ് അവബോധന-ദുരിതാശ്വാസപ്രവർത്തനങ്ങളടക്കമുള്ള മാതൃകാപരമായ പ്രവർത്തനം ആണ് നിർവഹിച്ചുവരുന്നത്. അതിനു വേണ്ടി എൻ.എസ്.എസ്സിന്റെ നിർദ്ദേശമനുസരിച്ച് പ്രവർത്തിച്ച മുഴുവൻ താലൂക്ക് യൂണിയൻ-കരയോഗപ്രവർത്തകരെയും അഭിനന്ദിക്കുന്നു.

എന്നാൽ, സംഘടനാപ്രവർത്തനം എല്ലാ തലങ്ങളിലും കൂടുതൽ കാര്യക്ഷമമാക്കുന്നതിന്, കോവിഡ് നിബന്ധനകൾക്കു വിധേയമായും, അതാതു പ്രദേശങ്ങളിലെ സാഹചര്യങ്ങൾ കണക്കിലെടുത്തും 3.9.2020 മുതൽ സജീവമായ പ്രവർത്തനം നമുക്ക് ആരംഭിക്കേണ്ടിയിരിക്കുന്നു. ആയതിനാൽ, നായർ സർവീസ് സൊസൈറ്റി ഹെഡ് ഓഫീസും താലൂക്ക് യൂണിയൻ ഓഫീസുകളും കരയോഗഓഫീസുകളും അന്നേത്തീയതി മുതൽ തുറന്ന് സജീവമായി പ്രവർത്തിക്കേണ്ടതാണ്. കണ്ടയിൻമെന്റ് സോണിൽ ഉള്ളവർ നിയന്ത്രണങ്ങൾ മാറുന്ന മുറയ്ക്കു മാത്രമേ ജോലിയിൽ പ്രവേശിക്കേണ്ടതുള്ളു.

നമ്മുടെ പ്രവർത്തനങ്ങൾക്കെല്ലാം ജഗദീശ്വരന്റെയും സമുദായാചാര്യൻ ശ്രീ മന്നത്തു പത്മനാഭന്റെയും അനുഗ്രഹങ്ങൾ തുടർന്നും ഉണ്ടാവട്ടെ എന്ന് പ്രാർത്ഥിച്ചുകൊണ്ട് ഒരിക്കൽകൂടി എല്ലാവർക്കും നായർ സർവീസ് സൊസൈറ്റിക്കുവേണ്ടി ഹൃദയം നിറഞ്ഞ ഓണാശംസകൾ നേർന്നുകൊള്ളുന്നു.

സ്നേഹപൂർവം,

(ഒപ്പ്)

ജി. സുകുമാരൻനായർ
ജനറൽ സെക്രട്ടറി
നായർ സർവീസ് സൊസൈറ്റി